# പതിമൂന്നാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ - 7368 17.7.2012 ന് മറുപടിയ്ക്ക്

**പുരാരേഖകൾ ഡിജിറ്റൈസ് ചെയ്ത് സൂക്ഷിക്കൽ**

ചോദ്യം
ശ്രീ.ഇ.കെ.വിജയൻ

മറുപടി
ശ്രീ. കെ. സി. ജോസഫ്
ബഹു.ഗ്രാമവികസനവും ആസൂത്രണവും
സാംസ്കാരികകാര്യവും വകുപ്പ് മന്ത്രി

| | |
|---|---|
| (എ) സംസ്ഥാനത്ത് പുരാരേഖകൾ സൂക്ഷിക്കുന്നത് എവിടെയൊക്കെയാണ്; വ്യക്തമാക്കാമോ ; | (എ) സംസ്ഥാന ആർക്കൈവ്സ് വകുപ്പിന്റെ ഡയറക്ടറേറ്റ്, മേഖലാ ഓഫീസുകളായ തിരുവനന്തപുരം സെൻട്രൽ ആർക്കൈവ്സ്, എറണാകുളം റീജിയണൽ ആർക്കൈവ്സ്, കോഴിക്കോട് റീജിയണൽ ആർക്കൈവ്സ് എന്നിവിടങ്ങളിലും കൊല്ലം, ഇടുക്കി, വയനാട്, തൃശ്ശൂർ,കണ്ണൂർ എന്നീ ഹെറിറ്റേജ് സെന്ററുകളിലും പുരാരേഖകൾ സൂക്ഷിച്ചുവരുന്നു. |
| (ബി) പഴമക്കാരുടെ വാമൊഴി ചരിത്രവും സ്വകാര്യ വ്യക്തികളുടെ കൈവശമുള്ള പുരാരേഖകളും വില നൽകി ശേഖരിക്കുന്നതിനായി നിലവിൽഎന്തൊക്കെ നടപടികളാണ് സ്വീകരിച്ച വരുന്നത് ; വിശദമാക്കുമോ; | (ബി) പഴമക്കാരുടെ വാമൊഴി ചരിത്രം ശേഖരിക്കുന്നതിനുള്ള പ്രാരംഭ നടപടികൾ സ്വീകരിച്ചുവരുന്നു. സ്വകാര്യവ്യക്തികളുടെ കൈവശമുള്ള രേഖകൾ പുരാരേഖാ വകുപ്പിന് കൈമാറാൻ തയ്യാറാകുന്ന പക്ഷം വകുപ്പിലെ ടെക്നിക്കൽ അഡ്വൈസറി കമ്മിറ്റി തീരുമാന പ്രകാരം വില നിശ്ചയിച്ച് നൽകി ഏറ്റെടുക്കുന്നു. |
| (സി) ഡയറക്ടർ ഓഫ് ആർക്കൈവ്സ് എല്ലാ പുരാരേഖകളും ഡിജിറ്റൈസ് ചെയ്ത് സൂക്ഷിച്ചിട്ടുണ്ടോ ; | (സി) ഇല്ല. തെരഞ്ഞെടുത്ത രേഖകളുടെ ഡിജിറ്റൈസേഷൻ നടന്നുവരുന്നു. |
| (ഡി) എങ്കിൽ ആയത് ഓൺലൈൻ വഴി ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ ; | (ഡി) ഡിജിറ്റൈസേഷൻ ജോലികൾ പൂർത്തിയാകുന്ന മുറയ്ക്ക് ഇക്കാര്യം പരിശോധിക്കുന്നതാണ്. |
| (ഇ) പുരാവസ്തു വകുപ്പ് എന്തൊക്കെ പദ്ധതികളാണ് നിലവിൽ നടപ്പിലാക്കി വരുന്നത് ,വിശദമാക്കാമോ ? | (ഇ) പുരാരേഖകളുടെ സംരക്ഷണം സംബന്ധിച്ച പദ്ധതികൾ പുരാരേഖാവകുപ്പാണ് നടപ്പിലാക്കുന്നത്. |

സെക്ഷൻ ഓഫീസർ